"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളും ചേർന്നു വാങ്ങിയ ഭൂമി, പഞ്ചായത്തുകൾ നൽകിയ തുകയ്ക്ക് ആനുപാതികമായി ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലെ ഗുണഭോക്താക്കൾക്ക് വീതിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2521/2025/LSGD തീയതി,തിരുവനന്തപുരം, 17-10-2025

---

പരാമർശം:-

1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19/08/2025 ലെ 4446/സിസി/2019/ലൈഫ് (3) നമ്പർ കത്ത്
2. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 21/08/2025 ലെ തസ്വഭവ/പി.ഡി/16311/2025-ഡിപിഎൽഎ1 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/09/2025 ലെ 2.3 (2) ഖണ്ഡിക (4.10) നമ്പർ തീരുമാനം

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളും ചേർന്ന് 2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി 1.25 ഏക്കർ ഭൂമി മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരുന്നു. ഫ്ലാറ്റ് നിർമ്മാണത്തിന് ഭാരിച്ച തുക വരും എന്നതിനാൽ ഈ ഭൂമിയിൽ നിന്ന് 3 സെന്റ് വീതം മേൽ പരാമർശിച്ച ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീതിച്ചു നൽകുന്നതിനും, ഭൂമി വാങ്ങിയപ്പോൾ ആധാരത്തിൽ ഫ്ലാറ്റ് സമുച്ചയത്തിനായി വാങ്ങിയ ഭൂമി എന്ന് രേഖപെടുത്തിയിരിക്കുന്നത് ഭൂരഹിതർക്ക് വീതിച്ചു നൽകാൻ വാങ്ങിയ ഭൂമി എന്ന് ആധാരത്തിൽ തിരുത്തുന്നതിനും അനുമതിയ്ക്കായി സർക്കാരിനോടു അഭ്യർത്ഥിക്കാൻ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെയും ആനിക്കാട്, കല്ലൂപ്പാറ,

മല്ലപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളുടെയും ഭരണ സമിതികൾ തീരുമാനമെടുത്തിരുന്നു.

സംഭാവനയിലൂടെയും സ്പോൺസർഷിപ്പിലൂടെയും ഫണ്ട് കണ്ടെത്തി 154 പേർക്ക് ഫ്ലാറ്റ് നിർമ്മിക്കുക ബുദ്ധിമുട്ടായതിനാൽ ലഭ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് വീതിച്ച് നൽകുന്നതാണ് പ്രായോഗികമായിട്ടുള്ളതെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും പരാമർശം യഥാക്രമം പരാമർശം (1) (2) എന്നിവ പ്രകാരം ശിപാർശ ചെയ്യുകയും, അതിദരിദ്ര കുടുംബങ്ങൾക്ക് മുൻഗണന നൽകണമെന്നു കൂടി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ശുപാർശ ചെയ്തിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15/09/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തും ചേർന്ന് 2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി വാങ്ങിയ 1.25 ഏക്കർ ഭൂമി ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗുണഭോക്താക്കൾക്ക് വീതിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ആനിക്കാട്, കല്ലൂപ്പാറ, മല്ലപ്പള്ളി ഗ്രാമപഞ്ചായത്തുകൾ നൽകിയ തുകയനുസരിച്ച് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്തണം.

ii. ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ ലൈഫ് പട്ടികയിലെ മുൻഗണനാ ക്രമം പാലിക്കേണ്ടതാണ്.

iii. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ വീട് നിർമ്മിക്കാൻ താത്പര്യമുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കണം

iv. വീട് മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലാണ് നിർമ്മിക്കുന്നതെങ്കിലും ഗുണഭോക്താക്കൾ ഏതു ഗ്രാമപഞ്ചായത്തിന്റെ ലിസ്റ്റിലാണോ ഉൾപ്പെട്ടത് ആ ഗ്രാമപഞ്ചായത്ത് തന്നെ വീടിനുള്ള ധനസഹായവും നൽകണം.

v. ബ്ലോക്ക് പഞ്ചായത്തും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തും ചർച്ച നടത്തി വേണം സ്ഥലം നൽകേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്, പത്തനംതിട്ട.

സെക്രട്ടറി, ആനിക്കാട് ഗ്രാമപഞ്ചായത്ത്.

സെക്രട്ടറി, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്.

സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 18-10-2025 12:22:58

സെക്ഷൻ ഓഫീസർ